"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-32085/2024/PrHQ ; തീയതി : 28-10-2024

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 13) വകുപ്പിന്റെ 03.10.2024 ലെ 133/എ.ആർ 13(2)/2024/ഉഭപവ നമ്പർ സർക്കുലർ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha.V.S

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1.ഡി.ഐ.ജി (പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2.എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

3.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

BY FAX
32509/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.133/എ.ആർ.13(2)/2024/ഉഭപവ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ.13) വകുപ്പ്
തിരുവനന്തപുരം
തീയതി 03.10.2024

## സർക്കുലർ

വിഷയം:- സർക്കാർ ഓഫീസുകളിൽ നിന്നും കത്തുകൾ അയയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 02.03.2013- ലെ 19069/എ.ആർ13(2)/2012/ഉഭപവ നമ്പർ സർക്കുലർ.
2) 09.10.20215-ലെ 18216/എ.ആർ.13(2)/2015/ഉഭപവ നമ്പർ സർക്കുലർ.
3) 22.02.2018-ലെ 7289/എ.ആർ13(2)/2016/ഉഭപവ നമ്പർ സർക്കുലർ.

സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പിൻകോഡ് ഉൾപ്പെടുത്തിയുള്ള മുഴുവൻ മേൽവിലാസവും മറുപടി കത്തിലും കവറിലും രേഖപ്പെടുത്തേണ്ടതാണെന്നും മറുപടി കത്തുകളിൽ പരാതിക്കാരന്റെ കത്തിന്റെ തീയതി കൂടി പരാമർശിക്കേണ്ടതാണെന്നും സൂചന (1)-ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കത്ത് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം, ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർസ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും സൂചന (2)-ലെ സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിരുന്നു.

സൂചന-3 പ്രകാരം മേൽ സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും, സർക്കാർ ഓഫീസുകളിൽ നിന്നും അയക്കുന്ന കത്തുകളിൽ, കത്ത് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം, ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ നിർബന്ധമായി ഉൾപ്പെടുത്തണമെന്നും ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

PUNEET KUMAR I A S
ADDITIONAL CHIEF SECRETARY

PA Supdt E
24/10/24
Circulate

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും

E1
24/10/24